# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1067** 28.04.2017 -ലെ മറുപടി

# പയ്യന്നൂർ മണ്ഡലത്തിലെ ക്രോസ്ബാർ- റെഗുലേറ്റർ- ബ്രിഡ്ജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

(എ) പയ്യന്നൂർ മണ്ഡലത്തിൽ എത്ര ക്രോസ്ബാർ/ റെഗുലേറ്റർ/ റെഗുലേറ്റർ -കം -ബ്രിഡ്ജുകൾ നിലവിലുണ്ടെന്നും ഇവ ഏതൊക്കെ നദികൾ/തോടുകൾക്ക് കുറുകെയാണെന്നും വ്യക്തമാക്കാമോ;

(എ) പയ്യന്നൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ്നിർമ്മിച്ചതുൾപ്പെടെ ക്രോസ് ബാറുകളും ആർ.സി.ബി കളുമായി 49 എണ്ണം നിലവിലുണ്ട്. ഇവ വടശ്ശേരി,പാക്കത്തിക്കാട്, കോക്കടവ്, നീലിരിങ്ങ, ചുണ്ട, പോത്തംകണ്ടം, കാനാംവയൽ,പെടേന, പാലിയേരി, കിഴക്കേപ്പാടം, കുക്കാനം വയൽ, കൊഴുമ്മൽ, രാമൻ ചിറ, പേരൂൽ, നാവൂൽ, കുങ്കര, ഓണിയോട്, പാച്ചാണി, എടക്കന്ന്, വാണിയത്തോട്,പുന്നക്ക, മുളപ്ര, കിളിയഞ്ചാൽ, തിരുമേനി, മുപ്പോട്, മാവുള്ളപൊയിൽ, കരിങ്കുഴി, പ്രാപ്പൊയിൽ, ആലപ്പടമ്പ, കാങ്കോൽ, മുതുവം, ചിറ്റാരി, കുണ്ടുവാടി - തൊള്ളത്തുവയൽ, തോക്കാട്, കാര്യങ്കോട് തുടങ്ങിയ തോടുകൾക്ക് കുറുകെയാണ്. ഇതു കൂടാതെ പെരുമ്പപുഴയുടെ കൈവഴിയായ വണ്ണാത്തിപ്പുഴയ്ക്ക് കുറുകെയായി പുതിയൊരു തടയണയുടെ നിർമ്മാണം ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പുരോഗമിച്ചു വരുന്നു.

(ബി) ഇവയിൽ ഏതൊക്കെ കാലപ്പഴക്കത്താൽ തകർന്ന് ഉപയോഗയോഗ്യമല്ലാതായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്നവ 4 എണ്ണം മാത്രമാണ്. അവ ഉപയോഗയോഗ്യമാണ്. ബാക്കിയുള്ളവ നിർമ്മാണ പ്രവൃത്തികൾക്ക് ശേഷംഅതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതാകയാൽ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്തു വരുന്നത് അതാത് പഞ്ചായത്തുകളാണ്.

| | |
|---|---|
| (സി) ഇവ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ? | (സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ജലസേചനവകുപ്പിനു കീഴിലുള്ളവയുടെ പുനർനിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ